(ഡി) വിവരം ശേഖരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ/എയ്ഡഡ് മേഖലകളിൽ പ്ലസ്ടു കോഴ്സുകൾ അനുവദിച്ചിട്ടില്ല. നിയോജക മണ്ഡലം അടിസ്ഥാനത്തിലല്ല പ്ലസ് ടു സ്കൂളുകൾ അനുവദിക്കുന്നത്. ആയതിനാൽ അൺ എയ്ഡഡ് മേഖലയിൽ പ്ലസ് ടു സ്കൂളുകൾ അനുവദിച്ച കണക്കുകൾ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ ലഭ്യമല്ല.

(ഇ) നിയോജക മണ്ഡലം അടിസ്ഥാനത്തിൽ അപേക്ഷകൾ ക്ഷണിച്ചിട്ടില്ലാത്തതിനാൽ ആ അടിസ്ഥാനത്തിലുള്ള കണക്കുകൾ ശേഖരിച്ചിട്ടില്ല.

(എഫ്) ഇത്തരം ഒരു നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

കാസർഗോഡ് ജില്ലയിൽ ചിറ്റാരിക്കൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി

130 (2071) ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചിറ്റാരിക്കൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭ്യമാക്കുകയും ഡി.പി.ഐ. ഓഫീസിൽ നിന്നും നിർദ്ദേശിച്ച പ്രകാരം പ്ലാനും എസ്റ്റിമേറ്റും 3-6-2002-ൽ ഡി.പി.ഐ. ഓഫീസിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ടോ ;

(ബി) ഡി.പി.ഐ. ഓഫീസിലെ ഡബ്ലിയു. 1/60547/8-7-2001 നമ്പർ ഫയൽ പ്രകാരമുള്ള പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്ലാനും എസ്റ്റിമേറ്റും 8-7-2002-ന് വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ ലഭിച്ചിരുന്നു.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ബഡ്ജറ്റിൽ ഈ ആവശ്യത്തിന് വേണ്ടത്ര തുക വകകൊള്ളിച്ചിട്ടില്ലാത്തതിനാലാണ് ഭരണാനുമതി നൽകാൻ നിർവ്വാഹമില്ലാത്തത്.

മാതമംഗലം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ പേര് മാറ്റം പ്രാബല്യത്തിൽ വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ

131 (2072) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മാതമംഗലം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ പേര് "സി.പി. നാരായണൻ സ്മാരക ഹയർ സെക്കന്ററി സ്കൂൾ" എന്ന് പുനർ നാമകരണം ചെയ്ത് ഉത്തരവായത് എന്നാണ് ;

LIBRARY ARCHIVES Kerala Legislative Assembly